നം.SP2/42544/13

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം
തിരുവനന്തപുരം

തീയതി : 24.08.2013

## സർക്കുലർ

വിഷയം:- **പൊതുവിദ്യാഭ്യാസം - സ്കൂൾ കുട്ടികൾക്ക് സൗജന്യ സ്കൂൾ യൂണിഫോം നൽകുന്നതിന് വിശദാംശങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സംസ്ഥാനത്തെ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന എട്ടാംക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് സർക്കാർ സൗജന്യമായി സ്കൂൾ യൂണിഫോം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം ലഭ്യമാക്കുന്നതിനുള്ള വിശദാംശങ്ങൾ 29.08.2013 വൈകിട്ട് 5.00 മണിക്ക് മുമ്പ് ഓൺലൈനായി (www.education.kerala.gov.in എന്ന വെബ്സൈറ്റിൽ school uniform എന്ന ലിങ്കിൽ) ഓരോ സ്കൂളിൽ നിന്നും സമർപ്പിക്കേണ്ടതാണ്:

1. യൂണിഫോമിന് അർഹതയുള്ള കുട്ടികളുടെ എണ്ണം കൃത്യമായി ഉൾപ്പെടുത്തേണ്ടതാണ്.
2. യു.ഐ.ഡി അധിഷ്ഠിത സ്റ്റാഫ് ഫിക്സേഷൻ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ചാണ് വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടത്.
3. ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ വിഭാഗത്തിലേത് ഒഴികെയുള്ള ആൺകുട്ടികൾക്കുമാണ് സൗജന്യ യൂണിഫോം നൽകുന്നത്. സ്റ്റാഫ് ഫിക്സേഷൻ പ്രവർത്തനങ്ങൾക്ക് (2013-14 അധ്യയനവർഷത്തെ - ആറാം പ്രവർത്തി ദിവസം) സ്കൂളുകളിൽ നിന്ന് നൽകിയിട്ടുള്ള വിശദാംശങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സ്കൂളിൽ പഠിക്കുന്ന ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ എല്ലാ പെൺകുട്ടികളുടെയും എ.പി,എൽ വിഭാഗത്തിലേതൊഴികെയുള്ള ആൺകുട്ടികളുടെയും എണ്ണം ഉൾപ്പെടുത്തി ഓൺലൈനായി enter ചെയ്യേണ്ടതാണ്.
4. enter ചെയ്ത കുട്ടികളുടെ എണ്ണത്തിൽ വ്യത്യാസമുണ്ടെങ്കിൽ അത് ഒരിക്കൽക്കൂടി പരിശോധിച്ച് edit ചെയ്യുന്നതിനും വ്യത്യാസമില്ലെങ്കിൽ submit ചെയ്യുന്നതിനും സൗകര്യമുണ്ട്. submit ചെയ്യുമ്പോൾ ലഭിക്കുന്ന ജാലകത്തിൽ നൽകിയിരിക്കുന്ന സത്യവാങ്മൂലം ടിക് ചെയ്ത് confirm ബട്ടൺ ക്ലിക് ചെയ്യേണ്ടതാണ്.

ഓരോ സ്കൂളിലേക്കും യൂണിഫോമിന് ആവശ്യമുള്ള തുണിയുടെ അളവ് കൃത്യമായി കണ്ടെത്തുന്നതിനാണ് സ്കൂളുകളിൽ നിന്ന് ഇപ്പോൾ കുട്ടികളുടെ എണ്ണം ശേഖരിക്കുന്നത്. സ്കൂൾ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് യൂണിഫോമുകളുടെ colour & pattern തെരഞ്ഞെടുക്കുന്നതിനും purchase order നൽകുന്നതിനുമുള്ള സൗകര്യവും ഈ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ-മാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)
സ്റ്റോക്ക് ഫയൽ